11/657/2016

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 – 2017 **B**

# സാമൂഹ്യശാസ്ത്രം

**സ്റ്റാൻഡേർഡ് : X**

**സമയം : 2½ മണിക്കൂർ**

**ആകെ സ്കോർ : 80**

**പൊതുനിർദേശങ്ങൾ**

1. പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരം എഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച മുന്നേറ്റങ്ങൾ വിശദമാക്കുക. (4)

2. താഴെ പറയുന്ന പ്രസ്താവനകൾ വിശകലനം ചെയ്ത് അവയ്ക്കുള്ള കാരണങ്ങൾ എഴുതുക.
   a. മാംഗ്ലൂരിൽ ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ മഴ ലഭിക്കുമ്പോൾ ചെന്നൈയിൽ നവംബർ ഡിസംബർ മാസങ്ങളിലാണ് മഴ ലഭിക്കുന്നത്.
   b. രാജസ്ഥാനിൽ മഴ വളരെ കുറച്ചു മാത്രമേ ലഭിക്കുന്നുള്ളൂ. (3)

3. സർക്കാരിന്റെ ചെലവുകളെ വികസന ചെലവുകൾ, വികസനേതര ചെലവുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസം എഴുതുക. (2)

4. രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ തമ്മിലുള്ള വ്യത്യാസം ഉദാഹരണസഹിതം വ്യക്തമാക്കുക. (3)

5. ഇന്ത്യയിലെ നദികളുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ നൽകിയിരിക്കുന്നത്.

   പ്രസ്താവന A : താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം

   പ്രസ്താവന B : ഗിരികന്ദരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

   ഈ പ്രസ്താവനകളെ അടിസ്ഥാനമാക്കി ചുവടെ നൽകിയിട്ടുള്ളതിൽ ശരിയേതെന്ന് കണ്ടെത്തി എഴുതുക.


   a. രണ്ടു പ്രസ്താവനകളും ഹിമാലയൻ നദികളെ സൂചിപ്പിക്കുന്നു.
   b. രണ്ടു പ്രസ്താവനകളും ഉപദ്വീപീയ നദികളെ സൂചിപ്പിക്കുന്നു.
   c. പ്രസ്താവന A ഹിമാലയൻ നദികളുമായി ബന്ധപ്പെട്ടതും പ്രസ്താവന B ഉപദ്വീപീയ നദികളുമായി ബന്ധപ്പെട്ടതുമാണ്.
   d. പ്രസ്താവന A ഉപദ്വീപീയ നദികളുമായി ബന്ധപ്പെട്ടതും പ്രസ്താവന B ഹിമാലയൻ നദികളുമായി ബന്ധപ്പെട്ടതുമാണ്. (2)

6. അഭയാർത്ഥിപ്രശ്നം സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്ക് ഒരു പ്രധാന വെല്ലുവിളിയായി മാറിയതെങ്ങനെ? (2)

7. നൽകിയിട്ടുള്ള മാതൃകാ ഗ്രിഡുകൾ വിശകലനം ചെയ്ത് സൂചനകൾ അടിസ്ഥാനമാക്കി കുറിപ്പ് എഴുതുക. (3)

സൂചനകൾ

- സാംസ്കാരിക സവിശേഷതകൾ
- ഭൗതിക സവിശേഷതകൾ




8. ചുവടെ തന്നിട്ടുള്ളതിൽ 'എ' വിഭാഗത്തിനനുയോജ്യമായവ 'ബി' വിഭാഗത്തിൽ നിന്ന് കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. (4)

| എ | ബി |
|---|---|
| ആര്യസമാജം | ആത്മാറാം പാണ്ഡുരംഗ് |
| രാമകൃഷ്ണമിഷൻ | ജോതിബാഫുലെ |
| പ്രാർത്ഥനാസമാജം | സ്വാമി ദയാനന്ദ സരസ്വതി |
| സത്യശോധക് സമാജം | സ്വാമി വിവേകാനന്ദൻ |

9. പൗരബോധം വളർത്തുന്നതിൽ സംഘടനകൾ വഹിക്കുന്ന പങ്ക് വിശദമാക്കുക. (4)

10. ഒരു തന്ത്രപ്രധാന മേഖലയുടെ A, B എന്നീ രണ്ട് ഉപഗ്രഹ ചിത്രങ്ങൾ പ്രതിരോധ ആവശ്യങ്ങൾക്കായി വിശകലനം ചെയ്യുകയാണെന്ന് കരുതുക. ചിത്രങ്ങളുടെ സ്പേഷ്യൽ റസലൂഷൻ യഥാക്രമം 1 km × 1 km ഉം 1 m × 1 m ഉം ആണ്.

i. സ്പേഷ്യൽ റസലൂഷൻ ഏറ്റവും കൂടിയ ചിത്രം ഇവയിൽ ഏതാണ്?

ii. സൂക്ഷ്മ വിവരശേഖരണത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത ചിത്രമേതാണ്?

iii. സ്പേഷ്യൽ റസലൂഷൻ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? (3)

11. A, B കോളങ്ങളിലെ വിവരങ്ങളെ ജോഡി ചേർത്ത് ചുവടെ നൽകിയിരിക്കുന്നു. ഇതിൽ ശരിയായത് കണ്ടെത്തി എഴുതുക. (3)

| A | B |
|---|---|
| 1. സംവേദകം | a. കൃത്രിമ പ്രകാശസ്രോതസ് |
| 2. പരോക്ഷ വിദൂരസംവേദനം | b. വൈദ്യുതകാന്തിക വികിരണം |
| 3. പ്രത്യക്ഷ വിദൂരസംവേദനം | c. സൗരോർജം |

I. 1. a, 2. b, 3. c

II. 1. b, 2. c, 3. a

III. 1. a, 2. c, 3. b

IV. 1. b, 2. a, 3. c

12. ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം സഞ്ചരിച്ച് ഇന്ത്യയിലുടനീളം ആശയപ്രചരണം നടത്തിയതിന്റെ ഉദ്ദേശ്യമെന്തായിരുന്നു? (2)

13. രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം എഴുതുക. (2)

14. വിദൂരസംവേദനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിനോദ് പ്രകൃതിവിഭവങ്ങളെക്കുറിച്ചും അശ്വതി ഒരു പ്രദേശത്തിന്റെ കാലാവസ്ഥാവ്യതിയാനത്തെ കുറിച്ചും സെമിനാറുകൾ അവതരിപ്പിച്ചു.

വിനോദ് വിവരശേഖരണത്തിന് സൗരസ്ഥിര ഉപഗ്രഹങ്ങൾ നൽകിയ വിവരങ്ങളെയാണ് ആശ്രയിച്ചതെങ്കിൽ അശ്വതി ഏതുതരത്തിലുള്ള ഉപഗ്രഹങ്ങൾ നൽകുന്ന വിവരങ്ങളെയാവും ആശ്രയിച്ചിരിക്കുന്നത്? ഈ രണ്ടുതരം ഉപഗ്രഹങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? (5)

**അല്ലെങ്കിൽ**

ഹിമാചൽ, സിവാലിക്, ഹിമാദ്രി എന്നീ പർവ്വതനിരകളെ ഉയരത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുക. ഓരോ നിരകളുടേയും സവിശേഷതകൾ എഴുതുക.

15. രാജാറാം മോഹൻ റായ്, ഈശ്വര ചന്ദ്രവിദ്യാസാഗർ, പണ്ഡിതരമാബായി എന്നിവരുടെ പ്രവർത്തനങ്ങൾ സ്ത്രീകളുടെ സാമൂഹിക പുരോഗതിയെ എത്രത്തോളം മുന്നോട്ടുനയിച്ചിട്ടുണ്ട്? വിശദമാക്കുക. (4)

16. ധനനയം എന്നാലെന്ത്? സർക്കാരിന്റെ ധനനയം രാജ്യപുരോഗതിയെ സ്വാധീനിക്കുന്നതെങ്ങനെ? (4)

17. താഴെ നൽകിയിട്ടുള്ള വിവരങ്ങൾ രണ്ട് പ്രധാന വിദൂരസംവേദന രീതികളുമായി ബന്ധപ്പെട്ടവയാണ്. ഈ വിദൂരസംവേദന രീതികളുടെ പേരെഴുതുക.

   a. വിമാനം കടന്നുപോകുന്ന പ്രദേശങ്ങളുടെ തുടർച്ചയായ ചിത്രങ്ങൾ എടുക്കുന്നു.

   b. കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ച സെൻസറുകൾ വഴി വിവരങ്ങൾ ശേഖരിക്കുന്നു. (2)

18. ഫസൽ അലി അധ്യക്ഷനായ സംസ്ഥാന പുനസംഘടനാകമ്മീഷനിലെ മറ്റ് രണ്ട് അംഗങ്ങൾ ആരെല്ലാമായിരുന്നു? (2)

19. ഇന്ന് പൊതു സമൂഹം നേരിടുന്ന ഒരു പ്രശ്നമാണ് പരിസരമലിനീകരണം. ഈ പ്രശ്നം പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ എഴുതുക. (2)

20.


| ബംഗാൾ ക്ഷാമം, ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു |
|---|

| വിദേശാധിപത്യത്തിനെതിരായ ചൈനീസ് ജനതയുടെ പോരാട്ടം ശക്തിപ്പെടുന്നു |
|---|

| പഞ്ചാബിൽ ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിവെയ്പ്. നൂറുകണക്കിനാളുകൾ കൊല്ലപ്പെട്ടു |
|---|


ദേശീയ സമരകാലത്തെ ചില പത്രവാർത്തകൾക്കുദാഹരണങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. ഇത്തരം വാർത്തകളിലൂടെ വർത്തമാനപത്രങ്ങൾ ദേശീയതയെ സ്വാധീനിച്ചതെങ്ങനെയെന്ന് വിശദമാക്കുക. (3)

21. വൈദ്യുതപോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശത്തിന്റെ കോണ്ടൂർരേഖകളാണ് ചുവടെ നൽകിയിട്ടുള്ളത്. പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി പ്രദേശങ്ങളുടെ നേർക്കാഴ്ച കണ്ടെത്തേണ്ടതുണ്ട്. എന്താണ് നേർക്കാഴ്ച? കോണ്ടൂർ രേഖകൾ വിശകലനം ചെയ്ത് A, B, C എന്നീ സ്ഥലങ്ങൾ തമ്മിലുള്ള നേർക്കാഴ്ച കണ്ടെത്തുക.




(3)

22. ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക. (2)




23. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന മൂന്ന് സമരങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവ തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും വിശദമാക്കുക.

- നിസ്സഹകരണസമരം
- സിവിൽ നിയമലംഘന സമരം
- ക്വിറ്റിന്ത്യാസമരം

**അല്ലെങ്കിൽ** (6)

ഗാന്ധിയൻ സമരരീതിയിൽ നിന്നും ആശയങ്ങളിൽ നിന്നും വ്യത്യസ്തമായ പ്രസ്ഥാനങ്ങളും വ്യക്തികളും ഇന്ത്യയുടെ ദേശീയ സമരത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. അവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുക.

24. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങൾ ഇന്ത്യയുടെ രൂപരേഖയിൽ യഥാസ്ഥാനത്ത് അടയാളപ്പെടുത്തി പേരെഴുതുക. (4)

a. വടക്കുകിഴക്കൻ മൺസൂൺ കാറ്റുകളിൽ നിന്ന് മഴ കൂടുതൽ ലഭിക്കുന്ന തീരം

b. വിന്ധ്യാനിരകൾക്ക് സമാന്തരമായി കാണപ്പെടുന്ന പർവതനിര

c. ഇന്ത്യയിലൂടെ ഏറ്റവും കൂടുതൽ ദൂരം ഒഴുകുന്ന ഹിമാലയൻ നദി

d. ഉപദ്വീപീയ ഇന്ത്യയുടെ തെക്കെയറ്റം

25. സർക്കാരിന്റെ ഏതെങ്കിലും നാല് നികുതിയിതര വരുമാനസ്രോതസ്സുകളെക്കുറിച്ച് ഉദാഹരണ സഹിതം കുറിപ്പ് തയാറാക്കുക. (4)

26. കോളം A യിൽ കോണ്ടൂർരേഖകളും കോളം B യിൽ അവ പ്രതിനിധാനം ചെയ്യുന്ന സ്ഥലാകൃതിയും നൽകിയിരിക്കുന്നു. ചിത്രങ്ങൾ നിരീക്ഷിച്ച് താഴെ പറയുന്നതിൽ ഏതാണ് ശരിയായത് എന്ന് കണ്ടെത്തി എഴുതുക. (2)

A. 1 ഉം 2 ഉം ശരി

B. 1 ഉം 3 ഉം ശരി

C. 2 ഉം 3 ഉം ശരി

D. എല്ലാം ശരി

